# 82/26-M

| ചോദ്യ പുസ്തക ക്രമനമ്പർ |
| --- |
| |

**ചോദ്യപുസ്തക അക്ഷരകോഡ്**

**A**

A

| | |
| --- | --- |
| **ചോദ്യങ്ങളുടെ ആകെ എണ്ണം : 100** | **സമയം : 90 മിനിട്ട്** |
| **പരമാവധി മാർക്ക് : 100** | |

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യപുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യപുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യപുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യപുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യപുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യപുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യപുസ്തക ക്രമനമ്പർ പുറം ചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമനമ്പർ ഇല്ലാത്ത ചോദ്യപുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യപുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യപുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യപുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യപുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യപുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യപുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ. എം. ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

A

www.examguru.org.in

www.examguru.org.in

1. 2025-ലെ IQAir റിപ്പോർട്ട് പ്രകാരം ഏറ്റവും മലിനമായ തലസ്ഥാന നഗരം ഏത് ?

   A) കെയ്റോ
   B) ന്യൂഡൽഹി
   C) ധാക്ക
   D) ഇസ്ലാമാബാദ്

2. ഇംഗ്ലണ്ടിലെ ജയിംസ് രണ്ടാമൻ രാജാവുമായി ബന്ധപ്പെട്ട ചരിത്ര സംഭവം ഏത് ?

   A) പാർലമെന്റ് പിരിച്ചുവിട്ടു
   B) മാഗ്നാകാർട്ടാ ഉടമ്പടിയിൽ ഒപ്പുവച്ചു
   C) ഹേബിയസ് കോർപ്പസ് നിയമം പാസ്സാക്കി
   D) മഹത്തായ വിപ്ലവം നടന്നു

3. താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ 1935-ലെ ഇന്ത്യാനിയമവു ആയി ബന്ധമില്ലാത്തതേത് ?

   A) മുസ്ലീംങ്ങൾക്ക് വേണ്ടി പ്രത്യേക നിയോജക മണ്ഡലങ്ങൾ സ്ഥാപിച്ചു.
   B) കേന്ദ്രത്തിൽ ഒരു അഖിലേന്ത്യാ ഫെഡറേഷൻ രൂപീകരിക്കും.
   C) പ്രവിശ്യകളിലെ ദ്വിഭരണം അവസാനിപ്പിക്കും.
   D) ഒരു ഫെഡറൽ കോടതിയും റിസർവ് ബാങ്കും സ്ഥാപിക്കും.

4. താഴെ കൊടുത്തിരിക്കുന്ന ചരിത്ര സംഭവങ്ങളുടെ ശരിയായ ക്രമം കണ്ടെത്തി എഴുതുക.

   i. ഒന്നാം കർണ്ണാട്ടിക് യുദ്ധം
   ii. ഡച്ച് ഈസ്റ്റിന്ത്യാ കമ്പനി സ്ഥാപിക്കപ്പെട്ടു
   iii. ശ്രീരംഗപട്ടണം ഉടമ്പടി
   iv. പ്ലാസ്സിയുദ്ധം

   A) iii i ii iv
   B) i iv ii iii
   C) iv i iii ii
   D) ii i iv iii

www.examguru.org.in

5. താഴെ കൊടുത്തിരിക്കുന്നവയിൽ നിസ്സഹകരണ പ്രസ്ഥാനവുമായി ബന്ധമില്ലാത്ത സംഭവങ്ങൾ ഏതെല്ലാം ?

   i. ജാലിയൻ വാലാബാഗ് ദുരന്തം

   ii. ക്രിപ്സ് ദൗത്യത്തിന്റെ പരാജയം

   iii. ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ രൂപീകരണം

   iv. ദണ്ഡിമാർച്ച്

   A) ii iii
   B) i iii
   C) ii iv
   D) iv i

6. താഴെ കൊടുത്തിരിക്കുന്ന സാമൂഹ്യപരിഷ്കർത്താക്കളുടെ പേരും കൃതികളും പരിശോധിച്ച് അവയിൽ തെറ്റായത് ഏതെന്ന് എഴുതുക.

   A) വി. ടി. ഭട്ടതിരിപ്പാട് – കണ്ണീരും കിനാവും
   B) മാർ കുരിയാക്കോസ് ചാവറ – അഭിനവ കേരളം
   C) ശ്രീനാരായണഗുരു – ദർശനമാല
   D) വൈകുണ്ഠ സ്വാമികൾ – അഖില തിരുട്ട്

7. ഉയരം കൂടുന്നതിനനുസരിച്ച് അന്തരീക്ഷ താപനില സാധാരണയായി കുറയുന്ന പ്രതിഭാസത്തെ 'നോർമൽ ലാപ്സ് റേറ്റ്' (Normal lapse rate) എന്ന് വിളിക്കുന്നു. ഈ അവസ്ഥയ്ക്ക് നേരെ വിപരീതമായി ഉയരം കൂടുന്നതിനനുസരിച്ച് താപനില വർദ്ധിക്കുകയും ചെയ്യാറുണ്ട്. ഈ പ്രതിഭാസം അറിയപ്പെടുന്ന പേര് ഏതാണ് ?

   A) താപ വിപര്യയം
   B) താപസംനയനം
   C) ഗ്രീൻഹൗസ് പ്രഭാവം
   D) ഇവയൊന്നും അല്ല

8. ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ ഭാഗമായ മേഘാലയ പീഠഭൂമിയിൽ 3 കുന്നുകൾ സ്ഥിതി ചെയ്യുന്നു. താഴെ പറയുന്ന കുന്നുകളിൽ മേഘാലയ പീഠഭൂമിയിൽ സ്ഥിതി ചെയ്യുന്ന ശരിയായ ജോഡി ഏതെന്നു തിരിച്ചറിയുക.

   A) മഹേന്ദ്രഗിരി, പാൽകൊണ്ട, നല്ലമല

   B) ആനമല, ഏലമല, നീലഗിരി

   C) ഗാരോ, ഖാസി, ജയന്തിയ

   D) ഇവയൊന്നും അല്ല



www.examguru.org.in

9. താഴെ പറയുന്നവയിൽ ശരിയായ പ്രസ്താവന ഏതെന്ന് തിരിച്ചറിയുക.

i. ഭൂമിയുടെ മാന്റിലിന്റെ (Mantle) മുകൾഭാഗം അറിയപ്പെടുന്നത് അസ്തനോസ്ഫിയർ എന്ന പേരിലാണ്.

ii. ഭൂമിയുടെ മാന്റിലിന്റെ (Mantle) മുകൾഭാഗം അറിയപ്പെടുന്നത് നിഫെ എന്ന പേരിലാണ്.

iii. ഭൂമിയുടെ മാന്റിലിന്റെ (Mantle) താഴെയുള്ള ഭാഗം അറിയപ്പെടുന്നത് അസ്തനോസ് ഫിയർ എന്ന പേരിലാണ്.

A) i ശരി

B) ii ശരി

C) iii ശരി

D) ഇതൊന്നുമല്ല

10. കേരളത്തിന്റെ ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ അത്യാധുനിക സംവിധാനങ്ങളുടെ സേവനം ഉറപ്പാക്കി സംസ്ഥാനത്ത് നടപ്പിലാക്കിയ ദുരന്തസാധ്യത മുന്നറിയിപ്പ് സംവിധാനത്തിന്റെ പേര് എന്ത് ?

A) സജ്ജം (SAJJAM)

B) കവചം (KAVACHAM)

C) ആപ്ദ മിത്ര (Aapda Mitra)

D) ഇവയൊന്നുമല്ല

11. താഴെ പറയുന്നവയിൽ ശരിയായ പ്രസ്താവന ഏത് ?

i. ഇന്ത്യയുടെ തെക്കൻ അതിർത്തി അറബിക്കടലിൽ 6°45'N വരെ വ്യാപിച്ചു കിടക്കുന്നു.

ii. ഇന്ത്യയുടെ തെക്കൻ അതിർത്തി ബംഗാൾ ഉൾക്കടലിൽ 6°45'N വരെ വ്യാപിച്ചു കിടക്കുന്നു.

iii. ഇന്ത്യയുടെ തെക്കൻ അതിർത്തി ബംഗാൾ ഉൾക്കടലിൽ കന്യാകുമാരി വരെ വ്യാപിച്ചു കിടക്കുന്നു.

A) i ശരി

B) ii ശരി

C) iii ശരി

D) ഇവ മൂന്നും തെറ്റാണ്

www.examguru.org.in

12. ലോകത്തിലെ ഏറ്റവും തന്ത്രപ്രധാനമായ കപ്പൽ ചാലുകളിൽ ഒന്നായ 'ഹോർമൂസ് കടലിടുക്ക്' ഏതെല്ലാം ജലാശയങ്ങളെയാണ് തമ്മിൽ ബന്ധിപ്പിക്കുന്നത് ?

A) ചെങ്കടലും ഒമാൻ ഉൾക്കടലും

B) പേർഷ്യൻ ഗൾഫും ഒമാൻ ഉൾക്കടലും

C) മെഡിറ്ററേനിയൻ കടലും ചെങ്കടലും

D) അറേബ്യൻ കടലും പേർഷ്യൻ ഗൾഫും

13. ചേരുംപടി ചേർക്കുക.

| | | | |
|---|---|---|---|
| i. | നബാർഡ് (NABARD) | a. | ചെറുകിട കർഷകർക്ക് നേരിട്ട് വായ്പ നൽകുന്നു |
| ii. | റീജിയണൽ റൂറൽ ബാങ്ക് (RRB) | b. | ഗ്രാമ വികസനത്തിനുള്ള ഉന്നത ബാങ്ക് |
| iii. | സഹകരണ ബാങ്കുകൾ (Co-operative) | c. | ഗ്രാമീണ മേഖലയിലെ വാണിജ്യ ബാങ്ക് |
| iv. | സ്വയം സഹായ സംഘങ്ങൾ (SHG) | d. | മൈക്രോ ഫിനാൻസ്, പരസ്പര സഹായം |

A) i – b, ii – c, iii – a, iv – d

B) i – c, ii – b, iii – a, iv – d

C) i – a, ii – b, iii – c, iv – d

D) i – b, ii – c, iii – d, iv – a

14. i. 1948-ൽ സ്ഥാപിതമായ ഒരു അന്താരാഷ്ട്ര കരാറാണ് ഗാട്ട് (GATT – താരിഫും വ്യാപാരവും സംബന്ധിച്ച പൊതു ഉടമ്പടി).

ii. ഇന്ത്യ ഉൾപ്പെടെ 23 രാജ്യങ്ങളായിരുന്നു സ്ഥാപകാംഗങ്ങളായി ഉണ്ടായിരുന്നത്.

iii. 1995 ജനുവരി 1-ന് ഗാട്ട് കരാറിന് പകരമായി ലോക വ്യാപാര സംഘടന (WTO) നിലവിൽ വന്നു.

iv. ഗാട്ടിലെന്നപോലെ ലോക വ്യാപാര സംഘടനയിലും ഇന്ത്യ സ്ഥാപകാംഗമാണ്.

A) i, iii ശരിയാണ്

B) i, ii, iii ശരിയാണ്

C) i, ii ശരിയാണ്

D) i, ii, iii, iv ശരിയാണ്

www.examguru.org.in

15. i. സാമ്പത്തിക വളർച്ച, സമത്വം, സാഹോദര്യം, ആധുനികവൽക്കരണം, ഉദാരവൽക്കരണം എന്നിവയായിരുന്നു പഞ്ചവൽസര പദ്ധതികളുടെ പ്രധാന ലക്ഷ്യങ്ങൾ.

ii. 1950-55 വരെയായിരുന്നു ഒന്നാം പഞ്ചവത്സര പദ്ധതിയുടെ കാലയളവ്.

iii. വികസന പദ്ധതികൾ കൊണ്ട് ശ്രദ്ധയാകർഷിച്ച രണ്ടാം പഞ്ചവൽസര പദ്ധതി രൂപകല്പന ചെയ്തത് പി. സി. മഹലനോബിസ് ആയിരുന്നു.

iv. പി. സി. മഹലനോബിസിനെ ഇന്ത്യയുടെ ആസൂത്രണത്തിന്റെ ശില്പി എന്നറിയപ്പെടുന്നു.

A) i, ii, iii, iv ശരിയാണ്

B) iii, iv ശരിയാണ്

C) i, ii, iv ശരിയാണ്

D) ii, iii, iv ശരിയാണ്

16. പഞ്ചവത്സര കാലയളവിൽ റഷ്യൻ സഹകരണത്തോടെ നിർമ്മിച്ച പൊതുമേഖല ഇരുമ്പ് ഉരുക്ക് വ്യവസായ ശാലകളുടെ ശരിയായ ജോഡി ഏതാണ് ?

A) റൂർക്കല, ദുർഗ്ഗാപ്പൂർ

B) ഭിലായ്, റൂർക്കല

C) ഭിലായ്, ബൊക്കാറോ

D) ദുർഗ്ഗാപ്പൂർ, ബൊക്കാറോ

17. i. 1950-60 കളിൽ ഇന്ത്യൻ കാർഷിക മേഖലയിൽ കൊണ്ട് വന്ന വിപ്ലവകരമായ പരിഷ്ക്കാരങ്ങളായിരുന്നു ഭൂപരിഷ്കരണ നിയമവും ഹരിത വിപ്ലവവും.

ii. പാർലമെന്റ് പാസ്സാക്കിയ ഭൂപരിഷ്ക്കരണ നിയമം എല്ലാ സംസ്ഥാനങ്ങളും ഫലപ്രദമായി നടപ്പിലാക്കുകയുണ്ടായി.

iii. അമേരിക്കൻ ശാസ്ത്രജ്ഞനായിരുന്ന നോർമൻ ബോർലോഗ് വികസിപ്പിച്ചെടുത്ത അത്യുൽപ്പാദന ശേഷിയുള്ള വിത്തിനങ്ങളായിരുന്നു ഹരിത വിപ്ലവം യഥാർത്ഥ്യമാക്കിയത്.

iv. ഭക്ഷ്യധാന്യങ്ങൾക്ക് വിപണന മിച്ചം കൈവരിച്ചു എന്നതാണ് ഹരിത വിപ്ലവത്തിന്റെ പ്രധാന നേട്ടമായി വിലയിരുത്തുന്നത്.

A) i, ii ശരിയാണ്

B) i, ii, iii ശരിയാണ്

C) i, iii, iv ശരിയാണ്

D) i, iv ശരിയാണ്



www.examguru.org.in

18. 2025-ൽ പാർലമെന്റ് പാസ്സാക്കിയ 'വിബി-ജി റാം ജി' (VB-G RAM G) ബില്ലിന്റെ പൂർണ്ണ രൂപം

A) വികസിത് ഭാരത് ഗ്യാരന്റീ റൂറൽ അസറ്റ് ആൻഡ് മൈക്രോ ഗ്രോത്ത്

B) വികസിത് ഭാരത് ഗ്യാരന്റീ ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ ഗ്രാമീൺ

C) വികസിത് ഭാരത് ഗ്രാമീൺ റോസ്ഗാർ ആൻഡ് മോഡേൺ ഗ്രോത്ത്

D) വികസിത് ഭാരത് ഗവൺമെന്റ് റൂറൽ അസറ്റ്സ് ആൻഡ് മോഡേണൈസേഷൻ ഗൈഡ്

19. താഴെ പറയുന്നവ യോജിപ്പിക്കുക.

| പട്ടിക – I | പട്ടിക – II |
|---|---|
| i. അടിയന്തിരാവസ്ഥ | a. ഫ്രാൻസ് |
| ii. മൗലികാവകാശങ്ങൾ | b. ബ്രിട്ടൺ |
| iii. പാർലമെന്ററി ഭരണസമ്പ്രദായം | c. ജർമ്മനി |
| iv. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം | d. അമേരിക്ക |

A) i – c, ii – a, iii – d, iv – b

B) i – d, ii – c, iii – a, iv – b

C) i – d, ii – c, iii – b, iv – a

D) i – c, ii – d, iii – b, iv – a

20. ഇന്ത്യൻ ഭരണഘടനയുടെ യൂണിയൻ ലിസ്റ്റിൽ (Union List) ഉൾപ്പെടുത്തിയിട്ടുള്ളവയിൽ താഴെ പറയുന്നവയിൽ ഏതെല്ലാം ഉൾപ്പെടുന്നു ?

1. പ്രതിരോധം
2. പ്രാദേശിക ഗവൺമെന്റ്
3. ബാങ്കിംഗ്
4. കൃഷി

A) 1 and 3

B) 2 and 4

C) 1, 2, 3 and 4

D) 2, 3 and 4

www.examguru.org.in

21. ഇന്ത്യൻ ഭരണഘടനയുടെ 17-ാം വകുപ്പ് നിർത്തലാക്കിയത്

A) ബഹുമതികൾ
B) ബാലവേല
C) അയിത്തം
D) കരുതൽ തടങ്കൽ

22. ഭരണഘടനയിൽ ഭേദഗതി വരുത്താനുള്ള അധികാരം നിക്ഷിപ്തമായിട്ടുള്ളത്

A) പ്രധാനമന്ത്രി
B) പാർലമെന്റ്
C) മന്ത്രിസഭ
D) ജുഡീഷ്യറി

23. ഭരണഘടനയുടെ മുഖ്യലക്ഷ്യം 'ഒരു ഏക സമൂഹം രൂപപ്പെടുത്തുക' എന്നതായിരിക്കണം. ഇത് ആരുടെ അഭിപ്രായമാണ് ?

A) സർദാർ പട്ടേൽ
B) ജവഹർലാൽ നെഹ്റു
C) ഡോ. രാജേന്ദ്രപ്രസാദ്
D) ഡോ. ബി. ആർ. അംബേദ്കർ

24. കേന്ദ്ര-സംസ്ഥാന ബന്ധങ്ങളെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് 1983-ൽ നിയോഗിച്ച കമ്മീഷൻ

A) ഷാ കമ്മീഷൻ
B) ഫസൽ അലി കമ്മീഷൻ
C) പി. കെ. തുംഗൻ കമ്മീഷൻ
D) സർക്കാരിയ കമ്മീഷൻ

25. ഏത് ഭരണഘടനാ ഭേദഗതി പ്രകാരമാണ് മൗലിക ചുമതലകൾ ഭരണഘടനയിൽ ഉൾപ്പെടുത്തിയത് ?

A) 44-ാം ഭരണഘടനാ ഭേദഗതി
B) 46-ാം ഭരണഘടനാ ഭേദഗതി
C) 42-ാം ഭരണഘടനാ ഭേദഗതി
D) 52-ാം ഭരണഘടനാ ഭേദഗതി



www.examguru.org.in

26. താഴെ തന്നിരിക്കുന്നവയിൽ രാജ്യസഭയെ കുറിച്ച് ശരിയായ പ്രസ്താവനയേത് ?

1. ധനബില്ലുകൾ ആദ്യം അവതരിപ്പിക്കുന്നത് രാജ്യസഭയിലാണ്.
2. ഇന്ത്യൻ പാർലമെന്റിലെ ഉപരിമണ്ഡലമാണ് രാജ്യസഭ.
3. രാജ്യസഭ ഒരു സ്ഥിരം സഭയാണ്.
4. 25 വയസ്സ് പൂർത്തിയാക്കിയ ഏതൊരു ഇന്ത്യൻ പൗരനും രാജ്യസഭയിലേക്ക് മത്സരിക്കാവുന്നതാണ്.

A) 1 and 2
B) 3 and 4
C) 1 and 4
D) 2 and 3

27. ഭരണഘടനയുടെ ഏത് ആർട്ടിക്കിൾ അനുസരിച്ചാണ് കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണറെ നിയമിക്കുന്നത് ?

A) 243 KA (1)
B) 243 K (1)
C) 243 ZA (1)
D) 243 Z (1)

28. താഴെപ്പറയുന്നവയിൽ സ്ഥിരം കാര്യനിർവഹണ വിഭാഗത്തിലുൾപ്പെടാത്തതാരാണ് ?

A) ഗവർണർ
B) ചീഫ് സെക്രട്ടറി
C) ജില്ലാ കളക്ടർ
D) പഞ്ചായത്ത് സെക്രട്ടറി

29. അഡ്വക്കേറ്റ് ജനറൽ ഓഫീസുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവനകൾ ഏത് ?

i. അഡ്വക്കേറ്റ് ജനറലുടെ ഓഫീസ് ഭരണഘടനയുടെ ആർട്ടിക്കിൾ 165 പ്രകാരമുള്ള ഒരു ഭരണഘടനാ പദവിയാണ്.
ii. അഡ്വക്കേറ്റ് ജനറലിന്റെ പ്രധാന ചുമതല നിയമ വിഷയങ്ങളിൽ ഗവൺമെന്റിന് ഉപദേശം നല്കുക എന്നതാണ്.
iii. ഹൈക്കോടതി ജഡ്ജ് ആവാൻ യോഗ്യതയുള്ള ഒരാളെ മുഖ്യമന്ത്രി അഡ്വക്കേറ്റ് ജനറലായി നിയമിക്കുന്നു.

A) i, ii and iii
B) ii and iii
C) i and ii
D) i and iii

30. കേരളത്തിൽ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ വിധവകൾക്ക് 10 കോഴികൾ വീതം വിതരണം ചെയ്യുവാൻ ലക്ഷ്യമിടുന്നത് ആരുടെ സഹായത്തോടെയാണ് ?

A) കാംകോ
B) കെ. എ. ഐ. സി.
C) കെ. എം. എം. എൽ.
D) കെപ്കോ

www.examguru.org.in

31. കേരളത്തിൽ വിബി-ജി-റാം ജി പദ്ധതിയുടെ ചെലവിന്റെ കേന്ദ്ര സംസ്ഥാന അനുപാതം ഏതാണ് ?

A) 90 : 10
B) 10 : 90
C) 40 : 60
D) 60 : 40

32. വിറ്റാമിനുകളെ സംബന്ധിച്ച ചില വിവരങ്ങളാണ് താഴെ നൽകിയിരിക്കുന്നത്. ശരിയായത് ഏത് ?

i. വിറ്റാമിനുകൾ കുറയുന്നത് അപര്യാപ്തതാ രോഗങ്ങൾക്ക് കാരണമാവുന്നു.
ii. വിറ്റാമിൻ സി കുറയുന്നത് കണ രോഗത്തിന് കാരണമാണ്.
iii. വിറ്റാമിൻ കെ രക്തം കട്ട പിടിക്കാൻ സഹായിക്കുന്നു.
iv. വിറ്റാമിൻ എ ജലത്തിൽ ലയിക്കുന്ന ഒരു വിറ്റാമിനാണ്.

A) i and iv
B) i and iii
C) ii and iv
D) ii and iii

33. രോഗങ്ങളും രോഗകാരികളും തമ്മിലുള്ള ശരിയായ ജോഡി ഏത് ?

| | |
|---|---|
| a. സാൽമൊണെല്ല | i. വട്ടച്ചൊറി |
| b. ഹീമോഫിലസ് ഇൻഫ്ലുവൻസെ | ii. ടൈഫോയ്ഡ് |
| c. മൈക്രോസ്പോറം | iii. മലേറിയ |
| d. പ്ലാസ്മോഡിയം | iv. ന്യൂമോണിയ |

A) a – iii, b – iv, c – ii, d – i
B) a – iv, b – i, c – iii, d – ii
C) a – ii, b – iv, c – i, d – iii
D) a – i, b – iii, c – iv, d – ii

34. മനുഷ്യ മസ്തിഷ്കത്തെ സംബന്ധിച്ച് ശരിയായവ ഏവ ?

i. സെറിബെല്ലം മസ്തിഷ്കത്തിലെ ഏറ്റവും വലിയ ഭാഗമാണ്.
ii. കോർപ്പസ് കല്ലോസം സെറിബ്രത്തിലെ അർദ്ധഭാഗങ്ങളെ ബന്ധിപ്പിക്കുന്നു.
iii. ഹൈപ്പോതലാമസ് ശരീരോഷ്മാവ് നിയന്ത്രിക്കുന്നു.
iv. മെഡുല്ല ഐച്ഛിക പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നു.

A) i and ii
B) ii and iv
C) iii and iv
D) ii and iii

www.examguru.org.in

35. ഗ്രന്ഥികളും ഹോർമോണുകളും അന്ത:സ്രാവി വ്യവസ്ഥയുടെ ഭാഗമാണ്. എങ്കിൽ ശരിയായത്

i. അന്ത:സ്രാവി ഗ്രന്ഥികൾ നാളികളോടു കൂടിയവയാണ്.

ii. തൈമസ് ഏറ്റവും വലിയ അന്ത:സ്രാവി ഗ്രന്ഥിയാണ്.

iii. പിയൂഷ ഗ്രന്ഥി വളർച്ചാ ഹോർമോണിനെ ഉല്പാദിപ്പിക്കുന്നു.

iv. തൈറോക്സിനെ എമർജൻസി ഹോർമോൺ എന്നറിയപ്പെടുന്നു.

A) iii only
B) i and ii
C) ii and iii
D) iv only

36. കേരള ആരോഗ്യ മിഷൻ തൃതീയതല രോഗീ പരിചരണം ലഭ്യമാക്കുന്നത്

i. മെഡിക്കൽ കോളേജുകൾ വഴി

ii. പി. എച്. എസ്. സി. കൾ വഴി

iii. ജില്ലാ ആശുപത്രികൾ വഴി

iv. റീജിയണൽ കാൻസർ സെന്ററുകൾ വഴി

A) i and iii
B) ii and iii
C) iii and iv
D) i and iv

37. 2025 ഒക്ടോബറിൽ വേൾഡ് ഐ യു സി എൻ കോൺഗ്രസ് നടന്ന സ്ഥലം

A) ജോഹാന്നസ്ബെർഗ്
B) വിയന്ന
C) ബ്രസീൽ
D) അബുദാബി

38. 'M' മാസ്സുള്ള ഒരു വസ്തുവിൻ മേൽ $\vec{F}$ എന്ന ബലം പ്രയോഗിക്കുമ്പോൾ വസ്തു ബലത്തിന്റെ ദിശയിലേക്ക് $\vec{r}$ ദൂരം നീങ്ങുന്നു. ബലം ചെയ്യുന്ന പ്രവൃത്തി എന്താണ് ?

A) 0
B) Fr
C) $\frac{F}{r}$
D) – Fr

39. ഒരു പ്രകാശരശ്മി 1.5 റിഫ്രാക്ടിവ് ഇൻഡക്സ് ഉള്ള A എന്ന മാധ്യമത്തിൽ നിന്ന് 1.6 റിഫ്രാക്ടിവ് ഇൻഡക്സ് ഉള്ള B എന്ന മാധ്യമത്തിലേക്ക് പ്രവേശിക്കുന്നു. A യിൽ പ്രകാശരശ്മിയുടെ പ്രവേഗം $2 \times 10^8$ m/s ആണെങ്കിൽ B യിലെ പ്രവേഗം എത്രയാണ് ?

A) $3 \times 10^8$ m/s
B) $2.133 \times 10^8$ m/s
C) $1.875 \times 10^8$ m/s
D) $2 \times 10^8$ m/s

www.examguru.org.in

40. 'M' മാസ്സും '2 M' മാസ്സും ഉള്ള രണ്ടു ഉപഗ്രഹങ്ങൾ ഭൂമിയിൽ നിന്ന് തുല്യ ഉയരത്തിൽ സ്ഥിതി ചെയ്യുന്നു. ഭൂമിയ്ക്ക് ചുറ്റുമുള്ള അവയുടെ ഓർബിറ്റൽ പ്രവേഗങ്ങൾ തമ്മിലുള്ള അനുപാതം എത്രയാണ് ?

A) 1:1
B) 1:2
C) 1:4
D) 2:1

41. 2025 ഡിസംബർ 24 ന് LVM3 – M6 എന്ന റോക്കറ്റ് ഉപയോഗിച്ച് വിക്ഷേപിച്ച ഉപഗ്രഹത്തിന്റെ പേരെന്താണ് ?

A) ചന്ദ്രയാൻ 3
B) ആദിത്യ L1
C) ഗഗനയാൻ
D) ബ്ലൂ ബേർഡ് ബ്ലോക്ക് 2

42. അണുസംഖ്യ 116 ആയ മൂലകത്തിന്റെ ഐ. യു. പി. എ. സി. (IUPAC) നാമം എന്താണ് ?

A) സീബോർജിയം
B) ലിവർമോറിയം
C) ഹസ്സിയം
D) മോസ്കോവിയം

43. ഒരു ബഫർ ലായനിയുടെ pH കണക്കാക്കാൻ ഉപയോഗിക്കുന്ന സമവാക്യം ഏതാണ് ?

A) അരീനിയസ് സമവാക്യം
B) ഗിബ്ബ്സ് ഹെൽമ്ഹോൾട്ട്സ് സമവാക്യം
C) ഹെൻഡേഴ്സൺ-ഹാസൽബാൾച്ച് സമവാക്യം
D) ഡി ബ്രോഗ്ലി സമവാക്യം

www.examguru.org.in

44. ഒന്നിലധികം അനുപാതങ്ങളുടെ നിയമം (ബഹുഗുണാനുപാത നിയമം) ആരാണ് നിർദ്ദേശിച്ചത് ?

A) ജോൺ ഡാൾട്ടൺ

B) ഗേലുസാക്

C) ജെറമിയാസ് ബെഞ്ചമിൻ റിക്ടർ

D) ജോസഫ് ലൂയിസ് പ്രൂസ്റ്റ്

45. പ്ലാസ്റ്ററിലും, ഡ്രൈവാളിലും ഉപയോഗിക്കുന്ന അലോഹധാതു ഏതാണ് ?

A) മൈക്ക

B) ചുണ്ണാമ്പുകല്ല്

C) ക്വാർട്സ്

D) ജിപ്സം

46. 'അഭിനയത്തിന്റെ അമ്മ' എന്നറിയപ്പെടുന്ന കേരളീയ കലാരൂപം

A) സിനിമ

B) നാടകം

C) കൂടിയാട്ടം

D) പടയണി

47. 'യോർക്കർ' എന്ന പദം ഏത് കായിക മേഖലയുമായി ബന്ധപ്പെട്ടതാണ് ?

A) ടെന്നിസ്

B) ക്രിക്കറ്റ്

C) ഫുട്ബോൾ

D) കബഡി

48. 'ബംഗാളി കലാപം' എന്ന നോവൽ എഴുതിയതാര് ?

A) അമൽ

B) വി. ഷിനിലാൽ

C) അജയ് പി. മങ്ങാട്ട്

D) എസ്. ഹരീഷ്

49. സഹോദരൻ അയ്യപ്പൻ സ്മാരകം സ്ഥിതി ചെയ്യുന്ന സ്ഥലം

A) പെരുമ്പാവൂർ

B) ആലുവ

C) പിറവം

D) ചെറായി

50. 2026 ട്വന്റി-ട്വന്റി ലോകകപ്പ് ക്രിക്കറ്റ് മത്സരത്തിൽ പ്ലെയർ ഓഫ് ദി സീരീസ് ആയ സഞ്ജു സാംസൺ അഞ്ച് മത്സരങ്ങളിൽ എത്ര റൺസ് നേടി ?

A) 321

B) 326

C) 289

D) 403

www.examguru.org.in

51. $2\frac{3}{4}-\left[3\frac{1}{8}\div\left\{5-\left(4\frac{2}{3}-\frac{11}{12}\right)\right\}\right]$ ന്റെ വില എത്ര ?

A) 3 B) $\frac{1}{4}$ C) $\frac{3}{8}$ D) 5

52. ഒരു സംഖ്യ ആദ്യം 20% കൂടുകയും ശേഷം 15% കുറയുകയും ചെയ്താൽ ആകെ എത്ര ശതമാനം കൂടുതലായി ?

A) 2% B) 5% C) 3% D) 4%

53. 5 പേനയുടെ വാങ്ങിയ വില 4 പേനയുടെ വിറ്റ വിലയ്ക്ക് തുല്യമായാൽ ലാഭശതമാനം എത്ര ?

A) 5% B) 10% C) 20% D) 25%

54. $p:q=1\frac{1}{2}:2\frac{1}{3}$ യും $q:r=4\frac{1}{2}:5\frac{1}{4}$ യും ആയാൽ p : r എത്ര ?

A) 27 : 49 B) 3 : 7 C) 9 : 7 D) 1 : 5

55. 160 m നീളമുള്ള ഒരു ട്രെയിൻ 3 മിനിട്ട് കൊണ്ട് 840 m നീളമുള്ള ഒരു തുരങ്കം കടന്നാൽ ട്രെയിനിന്റെ വേഗത എത്ര ?

A) 60 km/hr B) 60 m/s C) 20 km/hr D) 20 m/s

56. WONDER എന്ന വാക്ക് ഒരു പ്രത്യേക രീതിയിൽ TLKABO ആയാൽ BASKET അതേ രീതിയിൽ എങ്ങനെ എഴുതാം ?

A) CQHPXY B) YXPHBQ C) PHCQYX D) HPBQXY

57. ഒരു ക്ലോക്കിലെ സമയം 4.20 ആയാൽ മണിക്കൂർ സൂചിയും മിനിട്ട് സൂചിയും തമ്മിലുള്ള കോണളവ് എത്ര ?

A) 5° B) 15° C) 20° D) 10°

58. ഒറ്റയാൻ ആര് ?

A) 523 B) 599 C) 551 D) 547

59. ഒരു ക്ലോക്കിൽ 3.20 ആയാൽ കണ്ണാടിയിലെ പ്രതിബിംബത്തിലെ ക്ലോക്കിലെ സമയം എത്ര ?

A) 8.20 B) 8.40 C) 3.20 D) 3.40

60. A യുടെ സഹോദരിയാണ് B, B യുടെ അമ്മയാണ് C. C യുടെ സഹോദരനാണ് D. D യുടെ അച്ഛൻ ആണ് E. എന്നാൽ A യുടെ ആരാണ് E ?

A) അച്ഛൻ B) അമ്മാവൻ

C) മുത്തച്ഛൻ D) മകൻ



www.examguru.org.in

61. She is interested in music but good _________ Physics.
 A) in B) at C) with D) over

62. A __________ of crows circled above the fish market.
 A) murder B) flock C) nest D) wedge

63. Neither of the _______ absent today.
 A) student is
 B) students are
 C) students is
 D) student are

64. If you touch that wire, you _________ an electric shock.
 A) would get
 B) would have got
 C) might get
 D) will get

65. The problem is not with the technology _________, but how it is used.
 A) ad hoc
 B) déjà vu
 C) per se
 D) carte blanche

66. We __________ the car for ten years before it ________ down.
 A) owned – broken
 B) owned – had broken
 C) had owned – had broke
 D) had owned – broke

67. She works at the tourism __________ and helps visitors plan their trip.
 A) beuro B) bureau C) bureao D) buroe

68. We must decide _________ to proceed today __________ postpone the event.
 A) whether – or
 B) rather – than
 C) not only – but also
 D) both – and

69. A person who loves mankind and works for human welfare is a _________.
 A) philanthropist
 B) entrepreneur
 C) philatelist
 D) misanthropist

70. "Language learning is often conflated with mere grammar instruction" means
 A) Language learning happens through grammar instruction.
 B) Language learning and grammar instruction are exactly the same thing.
 C) People wrongly treat both language learning and grammar instruction as the same.
 D) Grammar instruction is unimportant.

www.examguru.org.in

71. ശരിയായ പദം കണ്ടെത്തുക.

A) അംസഫലകം
B) അനുഷ്ടാനം
C) അദ്യുദീയം
D) അർദ്ധി

72. 'പുരാണത്തെ സംബന്ധിച്ചത്' എന്ന് അർത്ഥം വരുന്ന പദം

A) പുരാണികം
B) പൗരാണികം
C) പൗരാണികൻ
D) പൗരാണിഹം

73. 'പ്രത്യക്ഷരം' പിരിച്ചെഴുതുക.

A) പ്രതി + അക്ഷരം
B) പ്ര + അക്ഷരം
C) പ്രത്യു + അക്ഷരം
D) പ്രത്യ + അക്ഷരം

74. 'കേമദ്രുമം' എന്ന ശൈലിയുടെ അർത്ഥം

A) വലിയ ഭാഗ്യം
B) ദാരിദ്ര്യം
C) മുന്നറിയിപ്പ്
D) വളരെ കുറച്ച്

75. സ്ത്രീലിംഗമല്ലാത്തത് ഏത് ?

A) പുരന്ധ്രി
B) മാനിനി
C) ഹരിണി
D) പ്രേക്ഷി

76. 'Depletion' എന്ന പദത്തിന് നൽകാവുന്ന മലയാള പരിഭാഷ

A) മോഷണം
B) ഭൂഷണം
C) ശോഷണം
D) ദൂഷണം

77. ശരിയായ വാക്യമേത് ?

A) ചില വാക്കുകൾക്ക് അർത്ഥ പരിമാണം വന്നു ചേർന്നിട്ടുണ്ട്
B) ആ കവിത ഹൃദയസ്പൃക്കാണ്
C) വീണ്ടും ഒരിക്കൽ കൂടി ഞാനദ്ദേഹത്തെ കാണാൻ പോകും
D) ആമോദ ഹർഷത്തോടെയാണ് ഞങ്ങൾ അദ്ദേഹത്തെ വരവേറ്റത്

78. 'ഉദ്ധതം' എന്ന പദത്തിന്റെ വിപരീതം

A) അനുദ്ധതം
B) അവനതം
C) സൗമ്യം
D) അവമതം

79. 'കലപ്പ' എന്ന വാക്കിന് പര്യായപദം ഏത് ?

A) സീരം
B) അശ്മം
C) ഉഖ
D) ഉപലം

80. 'അലിംഗ ബഹുവചന'ത്തിന് ഉദാഹരണം

A) പുരുഷന്മാർ
B) ദേവതമാർ
C) ശിശുക്കൾ
D) ഗുരുക്കൾ



www.examguru.org.in

81. Which of the following statement is/are true about operating system (OS) ?

I. It must reside in RAM whenever a computer is running.

II. It manages all other resources of a computer system.

III. Unix is an example for operating system.

A) Only I and II

B) Only II and III

C) All of the above statements (I, II and III)

D) Only I and III

82. Consider the following statement about computer memory.

I. ROM is a volatile memory.

II. Hard disk is non-volatile memory.

III. RAM is faster than ROM.

A) Statement I and II are correct

B) Only statement I is wrong

C) All statements are wrong

D) All statements are correct

83. Which of the following pairs are correct ?

I. Chrome – Web browser

II. Bing – Search Engine

III. SMTP – Protocol

A) Only Pair I and II are correct

B) Only Pair I and III are correct

C) Only Pair II and III are correct

D) All pairs are correct

www.examguru.org.in

84. Who is the founder of HTML, the web designing language ?

A) Tim Berners Lee
B) Vinton Gray Cerf
C) Robert Kahn
D) Richard Stallman

85. In Cyber security, SSL stands for

A) Secure Server Layer
B) Secure Sockets Layer
C) Server Sockets Layer
D) Server Secure Layer

86. Which of the following is the short cut for Save As option in Word processing software like MS-Word or Writer ?

A) Ctrl+Shift+A
B) Ctrl+Shift+S
C) Ctrl+Alt+S
D) Ctrl+Alt+A

87. In a word processing software, as soon as we copy or cut a selected text, it will be placed in a temporary memory called

A) Cache Memory
B) Clipboard
C) Read Only Memory
D) Virtual Memory

www.examguru.org.in

88. Which of the following statement is/are correct about Word processing software ?

I. A template is a document model using which we can create other documents.

II. The main headings, the sub headings and the page numbers usually appear in the Table of Contents (TOC).

A) Only I is correct

B) Only II is correct

C) Both I and II are correct

D) Both I and II are wrong

89. In some documents, the first letter in some paragraph, may take the height of two or more line. This feature of a word processing software is called

A) Indentation
B) Word wrapping
C) Drop Caps
D) Watermarks

90. In the context of document automation, what is a 'Macro' primarily used for ?

A) Data Encoding
B) Repeating tasks
C) Data Security
D) Data Encryption

91. In Excel work sheet, what formula would you use in I3 cell to calculate the sum of the values in cells A3 through H3 ?

A) =TOTAL(A3-H3)
B) =TOTAL(A3:H3)
C) =SUM(A3:H3)
D) =SUM(A3-H3)

www.examguru.org.in

92. In Excel work sheet, cells A1, B1, C1, D1, E1 and F1 display marks of 6 subjects, with each mark out of 100. Which formula should be entered in cell G1 to count the number of subjects with marks 80% or above ?

A) =COUNT(A1:F1, "80%")
B) =COUNTIF(A1:F1, "80%")
C) =COUNT(A1:F1, ">=80")
D) =COUNTIF(A1:F1, ">=80")

93. In an Excel work sheet sorting is under ______ menu.

A) Insert
B) Formulas
C) Data
D) View

94. In Excel work sheet to combine and center the contents of the selected cell in a new larger cell using

A) Combine and Center from Insert menu
B) Merge and Center from Home menu
C) Combine and Center from Home menu
D) Merge and Center from Insert menu

95. Match the following Excel functions with their menu.

| Function | Menu |
|---|---|
| i. Filter | a. File |
| ii. Save as | b. Formulas |
| iii. Zoom | c. Data |
| iv. AutoSum | d. View |

A) i-b, ii-a, iii-c, iv-d
B) i-a, ii-b, iii-d, iv-c
C) i-d, ii-a, iii-b, iv-c
D) i-c, ii-a, iii-d, iv-b

www.examguru.org.in

96. What does the acronym GIMP stands for ?

A) Graphical Image Manipulation Program

B) Graphical Image Mixing Program

C) GNU Image Manipulation Program

D) Graphical Image Multifunction Program

97. Match the following Powerpoint Presentation functions with their corresponding shortcut keys.

| Function | Shortcut Key |
|---|---|
| i. Help | a. Ctrl+M |
| ii. Save | b. F5 |
| iii. New slide | c. F1 |
| iv. Slide Show from beginning | d. Ctrl+S |

A) i-c, ii-d, iii-b, iv-a

B) i-c, ii-d, iii-a, iv-b

C) i-d, ii-c, iii-b, iv-a

D) i-d, ii-c, iii-a, iv-b

98. In Powerpoint Presentation Slide Transition is defined as

A) Special effects that play when we display a slide during slide show

B) Position of the slide in the screen

C) Colour filling in the background of the slide

D) Inserting a picture or video in the slide

www.examguru.org.in

99. Choose from the following, what are the Advantages of Database Management System (DBMS) ?

i. Data redundancy

ii. Data consistency

iii. Efficient data access

iv. Data integrity

A) i, ii, iii, iv

B) i, ii, iii

C) i, iii, iv

D) ii, iii, iv

100. In Structured Query Language (SQL), which of the following are Data Manipulation Language (DML) Commands ?

i. UPDATE

ii. SELECT

iii. INSERT INTO

iv. CREATE TABLE

A) i, ii, iii

B) ii, iii, iv

C) i, iii, iv

D) i, ii, iv

www.examguru.org.in

## Space for Rough Work

www.examguru.org.in